# ശിശുസംരക്ഷണ വിദഗ്ധരുടെ പരിശീലനം പാലക്കാട്ട്

പാലക്കാട് ● രാജ്യത്തെ ബാലനീതി നിയമങ്ങളെയും ശിശുസംരക്ഷണ നടപടിക്രമങ്ങളെയും കുറിച്ച് ഉത്തര, മധ്യമേഖലയിലെ ജില്ലകളിലെ വിദഗ്ധർക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനം നവംബർ 6നു പാലക്കാട്ടു നടക്കും.

ഇന്റർനാഷനൽ ജസ്റ്റിസ് മിഷൻ, വനിതാശിശു ക്ഷേമവകുപ്പ്, സംസ്ഥാന ശിശുസംരക്ഷണ ക്ഷേമസമിതി എന്നിവയുടെ സഹായത്തോടെ കുറ്റകൃത്യങ്ങളുടെ ഇരകൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസാണു പരിശീലന പരിപാടി നടത്തുന്നത്. യോഗം എഡിഎം ടി.വിജയൻ ഉദ്ഘാടനം ചെയ്തു. ശിശുക്ഷേമസമിതി ചെയർമാൻ എൻ.രാജേഷ് രൂപരേഖ അവതരിപ്പിച്ചു. വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ് അധ്യക്ഷനായി. സെക്രട്ടറി പി.പ്രേംനാഥ്, എൻ.രാഖി, എസ്.ശാന്താദേവി, സി.ശ്രീകുമാർ, പ്രഫുല്ലദാസ്, ആർ.ദേവീകൃപ, വി.എം.കേശവൻ, എ.മധു എന്നിവർ പ്രസംഗിച്ചു.